സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 183 2024 നവംബർ 07 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഈ മാസവും കെഎസ്ഇബി സർചാർജ് ഈടാക്കും

തിരു: സംസ്ഥാനത്ത് ഈ മാസവും കെഎസ്ഇബി സർചാർജ് ഈടാക്കും. യൂണിറ്റിന് 10 പൈസ വച്ചാണ് ഈടാക്കുക. റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 9 പൈസയും തുടരും. ഇതുൾപ്പെടെ ഈ മാസം യൂണിറ്റിന് 19 പൈസയാണ് സർചാർജ്. സെപ്തംബർ മാസം ഉണ്ടായ 28.73 കോടി അധിക ചെലവാണ് കെഎസ്ഇബി പിരിക്കുക.

ക്ഷേത്ര കവർച്ച: പ്രതി പിടിയിൽ

അമ്പൂർ എന്വ് മഹാവിഷ്ണുക്ഷേത്രത്തിൽ നിന്നും കഴിഞ്ഞ ദിവസം കാൽ ലക്ഷം രൂപയും, സമീപത്തെ അരിമ്പൂർ പഞ്ചായത്തിന്റെ മൃഗാശുപത്രിയിൽ നിന്ന് ആയിരം രൂപയും കവർന്ന കേസിൽ പ്രതി പിടിയിൽ ആലപ്പുഴ സ്വദേശിയാണ് പിടിയിലായത്.

മോദിക്കെതിരെ രാഹുൽ വീറോടെ പൊരുതി; ട്രംപിനു മുന്നിൽ അടി പതറി കമല

ട്രംപിന് മുന്നിൽ തലകുനിച്ച് സ്വർണവില; ഒന്നും രണ്ടുമല്ല, കുറഞ്ഞത് ആയിരത്തിലധികം രൂപ

തിരു: സംസ്ഥാനത്ത് സ്വർണവില ഇന്ന് കുത്തനെ കുറഞ്ഞു. പവന് 1320 രൂപയാണ് ഒറ്റയടിക്ക് കുറഞ്ഞത്. ഇതോടെ സ്വർണവില പവന് ഇന്നത്തെ വിപണി വില 57,600 രൂപയാണ്. ഗ്രാമിന് 165 രൂപയാണ് കുറഞ്ഞത്. ഇതോടെ ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 7200 രൂപയായി.

ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന്റെ വില 5930 രൂപയാണ്. വെള്ളിയുടെ വിലയിൽ ഇന്ന് മാറ്റമില്ല. ഒരു ഗ്രാം വെള്ളിയുടെ വില 99 രൂപയാണ്.

നവംബർ ഒന്നാം തീയതി മുതൽ സ്വർണവില ഇടിഞ്ഞിട്ടുണ്ട്. ഈ മാസം ഇന്നലെ മാത്രമാണ് വർദ്ധനവ് ഉണ്ടായത്. അന്താരാഷ്ട്ര സ്വർണവില 80 ഡോളറോളം ഇടിഞ്ഞ് 2660 ഡോളറിലെത്തി. ഒക്ടോബർ 19ന് വില 58,000വും ഒക്ടോബർ 29ന് വില 59,000വും കടന്നിരുന്നു. ഒക്ടോബർ പത്തിന് രേഖപ്പെടുത്തിയ 56,200 രൂപയാണ് സമീപകാലത്തെ ഏറ്റവും കുറഞ്ഞ സ്വർണവില. കഴിഞ്ഞ മാസം മുതൽ ഇതുവരെ ഗ്രാമിന്റെ വില 7000 രൂപയ്ക്ക് മുകളിലാണെന്നതും ശ്രദ്ധേയമാണ്.

റോക്കറ്റ് പോലെ കുതിച്ചുയർന്ന സ്വർണവില കുറേ നാളുകൾക്ക് ശേഷം ഇതാദ്യമായാണ് ഒറ്റയടിക്ക് ആയിരം രൂപയിലധികം കുറയുന്നത്. അമേരിക്കൻ തിരഞ്ഞെടുപ്പ് ഫലം സ്വർണവിപണിയെ സ്വാധീനിക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. പവന് 60,000 കടക്കുമെന്ന് പ്രവചിച്ചിടത്ത് നിന്നാണ് ഡൊണാൾഡ് ട്രംപിനെ പ്രസിഡന്റായി തിരഞ്ഞെടുത്തതോടെ താഴോട്ട് എത്തുന്നത്.

തിരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി 2025 ജനുവരിയിലാണ് ട്രംപ് യുഎസ് പ്രസിഡന്റ് പദത്തിലേറുക. എങ്കിലും ട്രംപ് സ്വീകരിച്ചേക്കാവുന്ന നയങ്ങൾ അമേരിക്കയുടെയും ലോകത്തിന്റെയും സാമ്പത്തിക രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചേക്കാമെന്നാണ് വിലയിരുത്തലുകൾ. അതേസമയം, സ്വർണവില ഇനി കുതിച്ചുകയറാനുള്ള സാദ്ധ്യത കുറവാണെന്ന വിലയിരുത്തലുകളും സജീവമാണ്.

ന്യൂഡൽഹി/വാഷിങ്ടൺ: 2024ലാണ് ഇന്ത്യയിലെയും യു.എസിലെയും പൊതു തെരഞ്ഞെടുപ്പുകൾ നടന്നത്. ഇരുരാജ്യങ്ങളിലെയും തെരഞ്ഞെടുപ്പുകളെ കുറിച്ച് ചെറിയൊരു താരതമ്യം നടത്തുകയാണ് മാധ്യമങ്ങൾ.

രണ്ട് രാജ്യങ്ങളിലെ തീവ്രവലതു പക്ഷ നേതാക്കളെ തുരത്തിയോടിക്കുക എന്ന ലക്ഷ്യത്തോടെയാണ് എതിർപക്ഷങ്ങൾ പ്രചാരണം തുടങ്ങിയത്. പ്രധാനമന്ത്രി നരേന്ദ്രമോദിയെ നേരിടാൻ ഇൻഡ്യ സഖ്യത്തിന്റെ തേരാളിയായി രാഹുൽ ഗാന്ധിയാണ് കളത്തിലിറങ്ങിത്. ഡോണൾഡ് ട്രംപിനെ തോൽപിക്കാൻ കമല ഹാരിസും കച്ചകെട്ടിയിറങ്ങി. തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ മോദിയെ ചെറുതായി വിറപ്പിക്കാൻ രാഹുലിന്റെ ഇൻഡ്യ സഖ്യത്തിന് സാധിച്ചു. എന്നാൽ ട്രംപിനു മുന്നിൽ കമല വലിയ പരാജയമായി മാറി.

ഭരണഘടനയും ജനാധിപത്യവും സംരക്ഷിക്കുകയെന്ന മുദ്രാവാക്യവുമായാണ് രാഹുൽ പോരാട്ടഭൂമിയിൽ ഇറങ്ങിയത്. തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ലോക്സഭയിൽ ബി.ജെ.പിയുടെ സീറ്റുകളുടെ എണ്ണം കുറഞ്ഞു. തനിച്ചു കേവല ഭൂരിപക്ഷം നേടാനാവാതെ ഘടക കക്ഷികളുടെ പിൻബലത്തിൽ സർക്കാറിനെ മുന്നോട്ടുരുട്ടാൻ എൻ.ഡി.എ നിർബന്ധിതരായി. അതുപോലൊരു മുന്നേറ്റം കാഴ്ച വെക്കാൻ യു.എസിൽ കമലക്ക് കഴിഞ്ഞില്ല.

തെരഞ്ഞെടുപ്പുകാലത്ത് ഇന്ത്യയും യു.എസും നേരിട്ട പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്നു പണപ്പെരുപ്പം. ജനാധിപത്യം നേരിടുന്ന വെല്ലുവിളികളും ആഴത്തിലുള്ള സാമൂഹിക വിഭജനവും ഇരുരാജ്യങ്ങളിലും പ്രതിഫലിച്ചു. ഗൗതം അദാനിക്കും മുകേഷ് അംബാനിക്കും ഒത്താശ ചെയ്യുകയാണ് മോദി ഭരണകൂടമെന്ന വിമർശനം രാഹുൽ ആവർത്തിച്ചു. മോദിക്കെതിരായ നിരന്തര വിമർശനം രാഹുലിന് സാധാരണക്കാർക്കിടയിൽ സ്വാധീനം നേടിക്കൊടുത്തു.

യു.എസിൽ ശതകോടീശ്വരനും എക്സ് ഉടമയുമായ ഇലോൺ മസ്കിന്റെ നിരുപാധിക പിന്തുണ ട്രംപിനായിരുന്നു. ട്രംപ് വീണ്ടും വന്നാൽ അമേരിക്കൻ ജനാധിപത്യം തകർന്നടിയുമെന്ന് കമല പ്രചാരണം നടത്തിയിട്ടും കാര്യമുണ്ടായില്ല.

ജാതി വിഭജനവും ദലിതുകളുടെ അവകാശവും ന്യൂനപക്ഷ സംരക്ഷണവും രാഹുൽ പ്രചാരണായുധമാക്കി. സാമൂഹിക നീതി ഉറപ്പാക്കാൻ രാജ്യവ്യാപകമായി ജാതി സെൻസസ് നടത്തണമെന്ന് രാഹുൽ ആവശ്യപ്പെട്ടു.

എന്നാൽ യു.എസിലെ ന്യൂനപക്ഷങ്ങളുടെ സംരക്ഷകയായി മാറാൻ കമലക്ക് കഴിഞ്ഞില്ല. ആഫ്രിക്കൻ വശജരുടെ വിശ്വാസം ആർജിക്കാനും അവർക്ക് സാധിച്ചില്ല.

മോദി സർക്കാർ കോർപറേറ്റ് ഭീമൻമാർക്കും മുന്നിൽ ഭരണം അടിയറ വെച്ചതായി രാഹുൽ പ്രചാരണത്തിനിടെ പലകുറി ആരോപണമുയർത്തി. സമാനരീതിയിൽ ട്രംപ് യു.എസിലെ സമ്പന്നൻമാരുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്ന സ്ഥാനാർഥിയാണെന്ന് കമലയും വാദിച്ചു. എന്നാൽ രാഹുലിന്റെ പ്രചാരണം പോലെ കേന്ദ്രീകൃതമല്ലായിരുന്നു അത്. മാത്രമല്ല, രാഹുലിനെ പോലെ വൈകാരിക പിന്തുണ ഉറപ്പിക്കാനും കമലക്ക് സാധിച്ചില്ല.

സമ്പദ്വ്യവസ്ഥ, തൊഴിൽ, കുടിയേറ്റം എന്നീ മൂന്ന് വിഷയങ്ങളിലൂന്നിയായിരുന്നു ട്രംപിന്റെ വോട്ടുപിടിത്തം. അതിനിടയിൽ ഡെമോക്രാറ്റുകളുടെ വാഗ്ദാനങ്ങൾ ഒതുങ്ങിപ്പോയി.

2024ലെ ലോക്സഭ തെരഞ്ഞെടുപ്പ് സാധാരണക്കാരും രാഷ്ട്രീയ വരേണ്യവർഗവും തമ്മിലുള്ള പോരാട്ടമായി രാഹുൽ ഉയർത്തിക്കൊണ്ടുവന്നു.

ചൂരൽമലയിലെ ദുരന്തബാധിതർക്ക് വിതരണം ചെയ്തത് പുഴുവരിച്ച ഭക്ഷ്യകിറ്റ്; മേപ്പാടി പഞ്ചായത്തിൽ സംഘർഷം

വയനാട്: ചൂരൽമലയിലെ ദുരന്തബാധിതർക്ക് പുഴുവരിച്ച ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തതായി പരാതി. ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കളാണ് മേപ്പാടി പഞ്ചായത്ത് വിതരണം ചെയ്തതെന്നാണ് പരാതി. ഭക്ഷ്യകിറ്റിലെ അരി, റവ തുടങ്ങിയ സാധനങ്ങൾ ഉപയോഗിക്കാനാവില്ലെന്നും ദുരന്തബാധിതർ പറയുന്നു. ഇതിനെ തുടർന്ന് ജനങ്ങൾ മേപ്പാടി പഞ്ചായത്തിലെത്തി കുത്തിയിരുന്നു പ്രതിഷേധിക്കുകയാണ്.

മൃഗങ്ങൾക്കുപോലും നൽകാൻ കഴിയാത്ത ഭക്ഷണങ്ങളും ഉപയോഗിച്ച വസ്ത്രങ്ങളുമാണ് വിതരണം ചെയ്തതെന്നും ആളുകൾ പറയുന്നു. അതേസമയം, ദുരന്തബാധിതർക്ക് സന്നദ്ധ സംഘടനകളും റവന്യൂ വകുപ്പും നൽകിയ സാധനങ്ങളാണ് വിതരണം ചെയ്തതെന്നാണ് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കുന്നത്. യുഡിഎഫ് ഭരിക്കുന്ന പഞ്ചായത്തിൽ ഡിവൈഎഫ്ഐ പ്രവർത്തകരും പ്രതിഷേധം സംഘടിപ്പിച്ചിരിക്കുകയാണ്. പഞ്ചായത്തിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകരെ പൊലീസ് തടഞ്ഞു. പഞ്ചായത്തിലെ സാധനങ്ങൾ തകർത്താണ് പ്രവർത്തകർ പ്രതിഷേധിച്ചത്.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ നൽകിയ കിറ്റുകളിലാണ് പുഴുവരിച്ച സാധനങ്ങൾ കണ്ടെത്തിയത്. തിരഞ്ഞെടുപ്പിന്റെ ഭാഗമായാണ് പഞ്ചായത്ത് അടിയന്തരമായി ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തത്. പഴകിയ സാധനങ്ങൾക്ക് പകരം പുതിയ സാധനങ്ങൾ വീടുകളിലെത്തിക്കാമെന്ന് പഞ്ചായത്ത് ഭരണസമിതി സമ്മതിച്ചിട്ടുണ്ടെന്നും ഡിവൈഎഫ്ഐ പ്രവർത്തകർ മാദ്ധ്യമങ്ങളോട് പറഞ്ഞു.

'സരിന്റെ പ്രസ്താവന പാർട്ടി നിലപാടല്ല'; തള്ളി പാലക്കാട് സിപിഎം ജില്ലാ സെക്രട്ടറി

പാലക്കാട്: പാതിരാറെയ്ഡ് ഷാഫി പറമ്പിലിന്റെ നാടകമാണെന്ന ഇടതുമുന്നണി സ്ഥാനാർത്ഥി സരിന്റെ നിലപാട് പാർട്ടിയുടെതല്ലെന്ന് പാലക്കാട് സിപിഎം ജില്ലാ സെക്രട്ടറി ഇഎൻ സുരേഷ് ബാബു. ഷാഫിയുടെ എല്ലാ കള്ളക്കളിയും അറിയുന്നതിനാലാണ് സരിൻ അങ്ങനെ പറഞ്ഞതെന്ന് സുരേഷ് ബാബു വ്യക്തമാക്കി.

പ്രതിപക്ഷ നേതാവ് വിഡി സതീശനെ വെല്ലുവിളിച്ച ഇഎൻ സുരേഷ് ബാബു എം ബി രാജേഷിനെ ഓല പാമ്പ് കാട്ടി പേടിപ്പിക്കാമെന്ന് കരുതേണ്ടെന്നും തിരഞ്ഞെടുപ്പിന് ശേഷം ഔദ്യോഗിക കാറിൽ പ്രതിപക്ഷ നേതാവ് പാലക്കാട് കാല് കുത്തില്ലെന്നും വെല്ലുവിളിച്ചു.

പാലക്കാട്ടെ പാതിരാ പരിശോധനയിൽ വേറിട്ട വാദമാണ് ഇന്ന് രാവിലെ പാലക്കാട്ടെ എൽഡിഎഫ് സ്ഥാനാർത്ഥി ഡോക്ടർ പി സരിൻ മുന്നോട്ട് വച്ചത്. പരിശോധന നാടകം ഷാഫി ആസൂത്രണം ചെയ്തത് ആണോ എന്ന് അന്വേഷിക്കണമെന്ന് സരിൻ പറഞ്ഞു.

'രഹസ്യമായി നടക്കുന്ന പലകാര്യങ്ങളും വെളിച്ചത്ത് കൊണ്ടുവരാൻ ശ്രമിക്കുന്നവരെ പ്രതികളാക്കി മാറ്റുന്ന പതിവാണ് ഇപ്പോൾ നടക്കുന്നത്.പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് യുഡിഎഫ് സ്ഥാനാർത്ഥി പറയുന്നത്. ജനാധിപത്യത്തെ തന്നെ വെല്ലുവിളിക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് ഉണ്ടായിരിക്കുന്നത്. ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് നടന്നവർ പ്രതിക്കൂട്ടിലാകും. അത് പാലക്കാട് കാണിച്ച് തരും.

രാഹുലിന്റെ വണ്ടിയിൽ കഞ്ചാവ് വച്ച് പിടിപ്പിച്ചില്ലല്ലോയെന്ന ആശ്വാസത്തിൽ യുഡിഎഫ്"

പാലക്കാട്: കൊടകരയിൽ കുടുങ്ങിയ ബിജെപിയെ ബാലൻസ് ചെയ്യിക്കാൻ സിപിഎം തയ്യാറാക്കിയ തിരക്കഥയായിരുന്നു പാലക്കാട്ടെ ഹോട്ടലിൽ കണ്ടതെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ. കേരള രാഷ്ട്രീയം ഇതുവരെ കാണാത്ത ഹീനമായ രാഷ്ട്രീയ നാടകമായിരുന്നു റെയ്ഡെന്നും അദ്ദേഹം വ്യക്തമാക്കി. തിരഞ്ഞെടുപ്പിനായി ട്രോളി ബാഗിൽ കള്ളപ്പണം എത്തിച്ചെന്ന് ആരോപിച്ച് കോൺഗ്രസ് വനിതാനേതാക്കൾ താമസിച്ചിരുന്ന മുറിയിൽ അർദ്ധരാത്രി പൊലീസ് നടത്തിയ പരിശോധനയിൽ പ്രതികരിക്കുകയായിരുന്നു വിഡി സതീശൻ.

'രാഹുൽ മാങ്കൂട്ടത്തിലിന്റെ വണ്ടിയിൽ കഞ്ചാവ് കൊണ്ട് വച്ച് പിടിപ്പിച്ചില്ലല്ലോ എന്ന ആശ്വാസത്തിലാണ് ഞങ്ങൾ. സിപിഎമ്മിന്റെ അടിമക്കൂട്ടമായ പൊലീസ് ഉദ്യോഗസ്ഥർ ചെവിയിൽ നുള്ളിക്കോളൂ. കേരള രാഷ്ട്രീയം ഇതുവരെ കാണാത്ത ഹീനമായ രാഷ്ട്രീയ നാടകമാണ് ഇന്നലെ കണ്ടത്. പൊലീസ് കൈവശം വയ്ക്കേണ്ട സിസിടിവി ദൃശ്യങ്ങൾ ആദ്യം എടുത്ത് മാദ്ധ്യമങ്ങൾക്ക് നൽകിയത് സിപിഎമ്മാണ്. താനിതെല്ലാം ആദ്യം കണ്ടുവെന്ന് പറയുന്ന സിപിഎം ജില്ലാ സെക്രട്ടറി പാലക്കാട് എസ്പിയാണോ? കൊടകരയിൽ കുടുങ്ങിയ ബിജെപിയെ ബാലൻസ് ചെയ്യിക്കാൻ സിപിഎം തയ്യാറാക്കിയ തിരക്കഥയാണ് ഹോട്ടലിൽ നടന്ന റെയ്ഡ്.

ട്രോളിയിൽ അല്ലാതെ തക്കാളിപ്പെട്ടിയിലാണോ സിപിഎം നേതാക്കൾ വസ്ത്രങ്ങൾ കൊണ്ടുവരുന്നത്? മാദ്ധ്യമ പ്രവർത്തകരും സിപിഎം നേതാക്കളും താമസിക്കുന്ന ഹോട്ടലിൽ പണം വിതരണത്തിന് എത്തിക്കുമോ? ബിജെപി-സിപിഎം പ്രവർത്തകരെയും ഒരു ചാനലിനെയും എത്തിച്ചാണോ പൊലീസ് റെയ്ഡ് നടത്തേണ്ടത്. ഈ സംഭവത്തോടെ തിരഞ്ഞെടുപ്പിൽ യുഡിഎഫിന്റെ ഭൂരിപക്ഷം കൂടും'– വിഡി സതീശൻ വ്യക്തമാക്കി.

മൊഴി ഓർമയില്ലെന്ന് 3 പേർ, കേസിന് താത്പര്യമില്ലെന്ന് 5 പേർ; ഹേമകമ്മിറ്റി റിപ്പോർട്ടിൽ അമിക്കസ് ക്യൂറി

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിയമനിർമാണ ശുപാർശകളിൽ കോടതിയെ സഹായിക്കാൻ അമിക്കസ് ക്യൂറിയെ നിയമിച്ച് ഹൈക്കോടതി. അഡ്വ. മിത സുധീന്ദ്രനെയാണ് കോടതി അമിക്കസ് ക്യൂറിയായി നിയമിച്ചത്. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26 കേസുകളെടുത്തെന്ന് സർക്കാർ കോടതിയെ അറിയിച്ചു.

ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് സി. എസ്. സുധ എന്നിവരടങ്ങിയ ബെഞ്ച് കേസ് പരിഗണനയ്ക്ക് എടുത്തപ്പോഴാണ് സർക്കാർ കോടതിയെ ഇക്കാര്യം അറിയിച്ചത്. 18 കേസുകളിൽ മൊഴി നൽകിയവർ സാവകാശം ആവശ്യപ്പെട്ടു. കേസുമായി മുന്നോട്ടുപോകാൻ താത്പര്യമില്ലെന്ന് അഞ്ചുപേർ അറിയിച്ചു. മറ്റ് മൂന്നുപേർ തങ്ങൾ അങ്ങനെയൊരു മൊഴി ഹേമ കമ്മിറ്റിക്ക് നൽകിയതായി ഓർക്കുന്നില്ലെന്ന് അന്വേഷണ സംഘത്തെ അറിയിച്ചുവെന്നും അഡ്വക്കറ്റ് ജനറൽ കോടതിയെ അറിയിച്ചു.

വനിതാ ചലച്ചിത്ര പ്രവർത്തകരുടെ സംഘടനയായ വുമൺ ഇൻ സിനിമ കളക്ടീവ് (ഡബ്ല്യു.സി.സി.) നിയമനിർമാണത്തിനുള്ള കരട് നിർദേശം കോടതിയിൽ സമർപ്പിച്ചു. ഇത് പരിഗണിക്കാമെന്ന് കോടതി വ്യക്തമാക്കി. പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം ശരിയായ രീതിയിലാണ് മുന്നോട്ടുപോകുന്നതെന്ന് കോടതി നിരീക്ഷിച്ചു.

നവംബർ 21-ന് വീണ്ടും വാദം കേൾക്കും. ഡിസംബർ 31-നകം നടപടികൾ പൂർത്തായാക്കാൻ കഴിയുമെന്ന പ്രതീക്ഷ കോടതി പ്രകടിപ്പിച്ചു.

അനുച്ഛേദം 370 പുനഃസ്ഥാപിക്കണമെന്ന് ബാനർ; ജമ്മു–കശ്മീർ നിയമസഭയിൽ തമ്മിലടി

ശ്രീനഗർ: ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി നൽകുന്ന ഭരണഘടനാ അനുച്ഛേദം 370 പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബാനർ പ്രദർശിപ്പിച്ചതിന് പിന്നാലെ ജമ്മു കാശ്മീർ നിയമസഭയിൽ വാക്കേറ്റവും കൈയ്യാങ്കളിയും. ജയിലിൽ കഴിയുന്ന ബാരാമുള്ള ലോക്സഭാ എംപി എഞ്ചിനീയർ റാഷിദിന്റെ സഹോദരൻ ഖുർഷിദ് അഹമ്മദ് ഷെയ്ഖ് ആണ് അനുച്ഛേദം 370 പുനഃസ്ഥാപിക്കുന്നതിനുള്ള ബാനർ പ്രദർശിപ്പിച്ചത്. പിന്നാലെസംഘർഷം ആരംഭിച്ചു.

ആറ് വർഷത്തെ ഇടവേളയ്ക്ക് ശേഷം ആദ്യമായി തിങ്കളാഴ്ച ആരംഭിച്ച അഞ്ച് ദിവസത്തെ നിയമസഭാ സമ്മേളനത്തിനിടെയാണ് സംഭവം. ഇതിനെ തുടർന്ന് എംഎൽഎമാർ നടുത്തളത്തിലിറങ്ങി. സംഘർഷാവസ്ഥയെ തുടർന്ന് സ്പീക്കർ സമ്മേളനം താൽകാലികമായി നിർത്തിവെച്ചു.

ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി പുനഃസ്ഥാപിക്കുന്നതിന് ഭരണഘടനാപരമായ സംവിധാനം രൂപവത്കരിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുന്ന പ്രമേയം ബുധനാഴ്ച പാസ്സാക്കിയിരുന്നു. സമ്മേളനം ആരംഭിച്ചയുടനെ ഇതിനെച്ചൊല്ലി ബിജെപി അംഗങ്ങൾ നിയമസഭയിൽ ബഹളമുണ്ടാക്കി.

ബി.ജെ.പി എം.എൽ.എയും പ്രതിപക്ഷ നേതാവുമായ സുനിൽ ശർമ പ്രമേയത്തിന്മേൽ സംസാരിച്ചുകൊണ്ടിരിക്കെ, ലാംഗേറ്റ് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അവാമി ഇത്തേഹാദ് പാർട്ടി എം.എൽ. എ ആയ ഖുർഷിദ് അഹമ്മദ് ഷെയ്ഖ് ബാനർ പ്രദർശിപ്പിക്കുകയായിരുന്നു. ഇതു കണ്ട ബിജെപി അംഗങ്ങൾ ബാനർ തട്ടിയെടുക്കുകയും ചുരുട്ടിയെറിയുകയും ചെയ്തു.

കള്ളപ്പണ ഇടപാട് കണ്ടെത്താൻ എൽ.ഡി.എഫിന് സ്ക്വാഡുണ്ട്; എല്ലാം പുറത്തുവരും: പി.സരിൻ

പാലക്കാട്: കള്ളപ്പണവുമായി ബന്ധപ്പെട്ട് കോൺഗ്രസിന്റേയും ബി.ജെ.പിയുടേയും ഇടയിൽ നടക്കുന്ന കൈമാറ്റങ്ങൾ കണ്ടെത്താൻ എൽ.ഡി.എഫിന് സ്ക്വാഡുകളുണ്ടെന്ന് പാലക്കാട് എൽ.ഡി.എഫ് സ്ഥാനാർഥി ഡോ.പി.സരിൻ. വളരെ കൃത്യമായ വിവരം കിട്ടും. എവിടെ, എന്ത്, ആര് ചെയ്താലും അത് മനസ്സിലാവും. ഇതിനായി സി.സി.ടി.വിക്കുമപ്പുറം ജനങ്ങളുടെ അകക്കണ്ണ് എന്താണെന്ന് അറിയുന്ന എൽ.ഡി.എഫ് പ്രവർത്തകർ 24 മണിക്കൂറും ജാഗരൂകരാണെന്നും സരിൻ പറഞ്ഞു.

ബാഗിൽ കൊണ്ടുപോയതാണ് സി.സി.ടി.വിയിൽ വ്യക്തമായത്. അല്ലാതെ കൊണ്ടുപോയതും കിട്ടിയതും കൊടുത്തതുമൊക്കെ ചർച്ചയാകും. പണമൊഴുക്കി തുടങ്ങിയ ഒരു തിരഞ്ഞെടുപ്പായി ഇത് മാറിയെന്ന് മൂന്ന് ദിവസംമുമ്പ് ഞാൻ സൂചിപ്പിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെയാണ് പുറത്ത് വരാനുള്ളതെന്ന് ഓരോ ദിവസം കഴിയും തോറും കാണാമെന്നും സരിൻ പറഞ്ഞു.

'ചാക്ക് വേണ്ട, പെട്ടിവേണ്ട, വികസനം മതി നന്മയുള്ള പാലക്കാടിന്' എന്ന മുദ്രാവാക്യം ഉയർത്തികൊണ്ട് പാലക്കാട്ട് എൽ.ഡി.എഫ് നടത്തിയ പ്രതിഷേധ പരിപാടിയിൽ സംസാരിക്കുകയായിരുന്നു സരിൻ.

കോൺഗ്രസ് നേതാക്കളുടെ ഹോട്ടൽ മുറികളിൽ കഴിഞ്ഞ ദിവസം നടന്ന പോലീസ് റെയ്ഡും കൊടകര കേസും ഉയർത്തിക്കാട്ടി ചാക്കുകളും ട്രോളി ബാഗുമായിട്ടാണ് പാലക്കാട്ട് എൽഡിഎഫ് പ്രതിഷേധം സംഘടിപ്പിച്ചത്.

13 കോടിക്ക് ടീം നിലനിർത്തി; അച്ഛൻ സിലിൻഡർ ചുമന്ന നഗരത്തിൽ 3.5 കോടിയുടെ ബംഗ്ലാവ് വാങ്ങി റിങ്കു

കൊൽക്കത്ത: 13 കോടി രൂപയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് നിലനിർത്തിയതിന് പിന്നാലെ ആഡംബര ബംഗ്ലാവ് സ്വന്തമാക്കി ഇന്ത്യൻ സ്റ്റാർ ബാറ്റർ റിങ്കു സിങ്. ഉത്തർപ്രദേശ് അലിഗഢിലെ ഓസോൺ സിറ്റിയിൽ ഗോൾഡൻ എസ്റ്റേറ്റിലാണ് റിങ്കു വസതി സ്വന്തമാക്കിയത്. 500 സ്ക്വയർ യാർഡ് വിസ്തീർണമുള്ള വീടിന് 3.5 കോടി രൂപ വിലമതിക്കുമെന്നാണ് റിപ്പോർട്ടുകൾ. ബുധനാഴ്ച കുടുംബത്തോടൊപ്പം റിങ്കു പുതിയ വീട്ടിലേക്ക് മാറി.

റിങ്കുവിന്റെ പിതാവ് ഖൻചന്ദ് സിങ് ഗ്യാസ് സിലിൻഡർ വിതരണം ചെയ്യുന്ന ജോലിയാണ് ചെയ്തുവന്നിരുന്നത്. ഖൻചന്ദ് സിലിൻഡർ വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നതിന്റെ ദൃശ്യം ഈയിടെ വൈറലായിരുന്നു. അലിഗഢിലെ കടകളിൽ സിലിൻഡർ വിതരണത്തിന് പോയ ഖൻചന്ദിന്റെ വീഡിയോയാണ് ചർച്ചയായത്. അതേനഗരത്തിലാണ് റിങ്കു കുടുംബത്തോടൊപ്പം താമസിക്കാൻ പുതിയ ബംഗ്ലാവ് വാങ്ങിച്ചതെന്നും കൗതുകകരമാണ്.

നിലവിലെ ഐ.പി.എൽ. ചാമ്പ്യന്മാരായ കൊൽക്കത്ത തങ്ങളുടെ ക്യാപ്റ്റനെയടക്കം മുതർന്ന താരങ്ങളെ ഒഴിവാക്കിയാണ് റിങ്കുവിനെ ടീമിൽ നിലനിർത്തിയത്. സുനിൽ നരെയ്ൻ, ആന്ദ്രേ റസ്സൽ, രമൺദീപ് സിങ്, ഹർഷിത് റാണ, വരുൺ ചക്രവർത്തി എന്നിവരാണ് ടീമിൽ നിലനിർത്തിയ മറ്റുതാരങ്ങൾ.

കൊൽക്കത്ത ഏറ്റവും ഉയർന്ന തുക നൽകി നിർത്തിയ താരം റിങ്കുവാണ്. വരുണിനേയും നരെയ്നേയും റസ്സലിനേയും 12 കോടിക്ക് നിലനിർത്തിയപ്പോൾ റിങ്കുവിന് 13 കോടിയാണ് ടീം ചെലവാക്കിയത്. അൺക്യാപ്ഡ് കാറ്റഗറിയിൽ നിലനിർത്തിയ ഹർഷിദിനും രമൺദീപിനും നാലുകോടി വീതമാണ് ടീം മാറ്റിവെച്ചത്.

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി ആർബിട്രേഷൻ/ ചിട്ടി രജിസ്ട്രാർ മുമ്പാകെ

ARB OP: 408/2024

Wincost Kuries Private Ltd, പറപ്പൂക്കര, നന്തിക്കര എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ, പറപ്പൂക്കര വില്ലേജിൽ നന്തിക്കര ദേശത്ത് കൈതവളപ്പിൽ മാധവൻ മകൻ വിജയ രാഘവൻ

-Petitioner

1) എറണാകുളം ജില്ല, കുന്നത്തുനാട് താലൂക്ക്, പെരുമ്പാവൂർ വില്ലേജിൽ ടി ദേശത്ത് ആയിഷ മൻസിലിൽ അമീർ മകൻ 41 വയസ് അനൂപ്

2) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത് ആയിഷ മൻസിലിൽ മാമു ഹാജി മകൻ 68 വയസ് അമീർ

-എതിർകക്ഷികൾ

കുറി ജാമ്യ കരാർ പ്രകാരം എതിർകക്ഷികളിൽ നിന്നും ഹരജി സ്ഥാപനത്തിന് കിട്ടേണ്ട സംഖ്യക്കും പലിശക്കുമാണ് മേൽ നമ്പർ കേസ്. മേൽ നമ്പറിൽ പ്രതികൾക്ക്/ എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചതിൽ ടി എതിർകക്ഷികൾ നോട്ടീസ് കൈപറ്റാതെ ഒഴിഞ്ഞുമാറി നടന്നുവരുന്നതായി അറിയുന്നു. ആകയാൽ ടി എതിർകക്ഷികൾക്കുള്ള നോട്ടീസ് പത്രപരസ്യം ചെയ്ത് അറിയിക്കുവാൻ കോടതി ഉത്തരവായിരിക്കുന്നു. ആക

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വഖഫ് അധിനിവേശത്തിനെതിരെ ഇരിങ്ങാലക്കുടയിൽ വൻ പ്രതിഷേധ റാലി

ഇരിങ്ങാലക്കുട: വഖഫ് അധിനിവേശത്തിനെതിരെയും മുനമ്പത്തെ 604 മൽസ്യ തൊഴിലാളി കുടുബങ്ങളുടെ റവന്യൂ അവകാശങ്ങൾ പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുനമ്പം നിവാസികൾ അനുഷ്ഠിക്കുന്ന നിരാഹാര സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സെന്റ് തോമസ് കത്തിഡ്രൽ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിൽ വൻ പ്രതിഷേധ റാലിയും പൊതു സമ്മേളനവും നടന്നു.

ഇരിങ്ങാലക്കുട കിഴക്കേ പള്ളിയിൽ നിന്നാരംഭിച്ച് പ്രതിഷേധ റാലി ചന്തക്കുന്ന് വഴി ഠാണാവിലെത്തി കത്തിഡ്രൽ പള്ളിയിൽ സമാപിച്ചു. നൂറ് കണക്കിന് വിശ്വാസികൾ പങ്കെടുത്ത പ്രതിഷേധ റാലിയെ തുടർന്ന് നടന്ന സമാപന സമ്മേളനം കത്തീഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടൻ ഉൽഘാടനം ചെയ്തു. 1995 ലെ വഖഫ് ആക്ട് ഭേദഗതി ചെയ്യണമെന്നും, പണം കൊടുത്ത് സ്വന്തം പേരിൽ ആധാരം ചെയ്ത കരമടച്ച് ഭൂമിയിൽ താമസിക്കുന്നവർക്ക് കിടപ്പാടം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകരുതെന്നും വഖഫ് ആക്ടിൽ വേണ്ട ഭേദഗതികൾ ചെയ്ത് രാജ്യത്തിന്റെ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കണമെന്ന് കത്തീഡ്രൽ വികാരി ഫാ. ലാസർ കുറ്റിക്കാടൻ ആവശ്യപ്പെട്ടു. കത്തീഡ്രൽ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് രഞ്ചി അക്കരക്കാരൻ അദ്ധ്യക്ഷത വഹിച്ചു. അസി.വികാരി. ഫാ.ജോസഫ് പയ്യപ്പിള്ളി,കത്തിഡ്രൽ ട്രസ്റ്റി തിമോസ് പാറേക്കാടൻ, രൂപത മുൻ പാസ്റ്ററൽ കൗൺസിൽ സെകട്ടറി ടെൽസൺ കോട്ടോളി, കത്തോലിക്ക കോൺഗ്രസ് വൈസ് പ്രസിഡന്റ് ജോസ് മാമ്പിള്ളി എന്നിവർ പ്രസംഗിച്ചു. കത്തിഡ്രൽ അസി. വികാരി ഫാ. ഗ്ലിഡീൻ പഞ്ഞിക്കാരൻ, സ്പിരിച്ചാലിറ്റി സെന്റർ വൈസ് റെക്ടർ ഫാ. ശിമോൻ, ട്രസ്റ്റിമാരായ ബാബു പുത്തനങ്ങാടി, പോൾ ചാമപറമ്പിൽ, ജോമോൻ മണ്ടി, കുടുംബ സമ്മേളന കേന്ദ്രസമിതി പ്രസിഡന്റ് ജോമി ചേറ്റുപുഴക്കാരൻ, കത്തോലിക്ക കോൺഗ്രസ് സെകട്ടറി സിൽവി പോൾ, ട്രഷറർ വിൻസൻ കോമ്പാറക്കാരൻ എന്നിവർ നേതൃത്വം നൽകി.

എൻ കെ ദേവസ്സി സ്മാരക നാടകം ഇന്ന്

തൃശ്ശൂർ: കൊട്ടേക്കാട് യുവജന കലാസമിതിയുടെ ആഭിമുഖ്യത്തിൽ എട്ടാമത് എൻ കെ ദേവസ്സി സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടകോത്സവം നാലാം ദിവസം ഇന്ന് രാത്രി 6.30നു തൃശ്ശൂർ കെ കരുണാകരൻ സ്മാരക ടൗൺ ഹാളിൽ ചിറയൻ കീഴ് അനുഗ്രഹയുടെ "ചിത്തിര".

രചന : മുഹദ് വെമ്പായം
സംവിധാനം : സുരേഷ് ദിവാകരൻ. (പ്രവേശനം സൗജന്യം)

സർട്ടിഫൈഡ് ട്രെയിനറാകാൻ അവസരം

തൃശൂർ: അസാപ് കേരള എൻസിവിഇടി സർട്ടിഫിക്കേഷനോട്കൂടി അംഗീകൃത ഫിറ്റ്നസ് ട്രെയിനറായി പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. പ്ലസ് ടു യോഗ്യതയുള്ള 18 വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. തൃശ്ശൂർ ജില്ലയിൽ കൊരട്ടിയിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 7306863566.

ഏകദിനവർക്ക്ഷോപ്പ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജ് ഇംഗ്ലീഷ് വിഭാഗം ഇന്റർ നാഷണൽ സ്ട്രെസ് അവെയർനെസ് ദിന (അന്തർദേശീയ സമർദ്ദ ബോധവൽക്കരണ ദിന)ത്തോടനുബന്ധിച്ച് ഏകദിനവർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കോളജിൽ ആരംഭിച്ച ഫിറ്റ് ഫോർ ലൈഫ് എന്ന ആരോഗ്യസംരക്ഷണ പരിപാടിയുടെ ഭാഗമായാണ് വർക്ക്ഷോപ്പ് നടത്തിയത്. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകരിക്കുന്ന വിവിധ ആരോഗ്യ സംരക്ഷണ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള പരിപാടികൾക്കാണ് ഫിറ്റ് ഫോർ ലൈഫിലൂടെ കോളജ് നേതൃത്വം നൽകുന്നത്. വ്യക്തികളുടെ മാനസികവും (mental) വൈകാരികവും (emotional) മന:ശാസ്ത്രപരവും (Psychological) സാമൂഹ്യപരവുമായ (Social) ആരോഗ്യത്തെ മുൻ നിർത്തിയുള്ള വിവിധ പരിപാടികൾ കോളജിൽ ഒരുങ്ങുന്നുണ്ട്.

വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കം കുറക്കുന്നതിനുള്ള വഴികൾ എന്ന വിഷയത്തിൽ സൈക്കോളജി വിഭാഗം മേധാവി ഡോ. രമ്യ ചിത്രൻ കെ.സി ക്ലാസ് നയിച്ചു. യോഗയിലൂടെ മാനസിക സമ്മർദ്ദം അകറ്റുന്നതെങ്ങനെയെന്ന് യോഗാ ട്രെയിനർ അനു വർഗീസ് ക്ലാസിൽ വിശദീകരിച്ചു.

തൊഴിൽ മേഖലയിലും പഠന മേഖലയിലും വ്യക്തികൾ അനുഭവിക്കുന്ന മാനസിക സമ്മർദ്ദം മനസിലാക്കാനും അതിന്റെ ആഘാതങ്ങൾ ചർച്ച ചെയ്യാനും സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി അധ്യക്ഷത വഹിച്ചു. ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. വി. എസ് സുജിത, ഫിറ്റ് ഫോർ ലൈഫ് ജനറൽ കൺവീനർ ഡോ. സ്റ്റാലിൻ റാഫേൽ, ഫിറ്റ് ഫോർ ലൈഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീമതി തുഷാര ഫിലിപ്പ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ വിപുലമായ ആരോഗ്യ-അവബോധ പരിപാടികൾക്ക് കോളജ് നേതൃത്വം നൽകുമെന്ന് ഡോ. സ്റ്റാലിൻ റാഫേൽ പറഞ്ഞു.

നിര്യാതരായി

ശക്തീധരൻ

കൊഴുക്കുള്ളി: കോരപുള്ളി പരേതനായ ശങ്കരൻ മകൻ ശക്തീധരൻ (64) നിര്യാതനായി. ഹൗസിങ് ബോർഡ് സീനിയർ സൂപ്രണ്ട് ആയി വിരമിച്ചതാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാജിക്ക് & അലൈഡ് ആർട്സിലെ സെക്രട്ടറിയും ആയിരുന്നു. സംസ്കാരം ഇന്ന് രാവിലെ 11 മണിക്ക് വടുക്കര സ്മശാനത്തിൽ നടത്തപ്പെട്ടു. ഭാര്യ : ദയാദേവി മകൻ : കൃഷ്ണശങ്കർ, സഹോദരങ്ങൾ : ബാഹുലേയൻ (ബാബു), പരേതയായ മേയ്ദിനി

രാധാമണി അമ്മ

പുതുക്കാട്: തെക്കേ തൊറവ് മാളിയേക്കൽ പരേതനായ പരമേശ്വരൻ നായർ ഭാര്യ രാധാമണി അമ്മ 76 വയസ്സ് നിര്യാതയായി. സംസക്കാര കർമ്മം ഇന്ന് രാവിലെ 9 മണിക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തപ്പെട്ടു. മക്കൾ- ആനന്ദൻ, ശ്രീദേവി, സഹജ, ശുഭ. മരുമക്കൾ-ലത, ഉദയകുമാർ, കൃഷ്ണകുമാർ ശ്രീകുമാർ.

മേരി

വരന്തരപ്പിള്ളി: അരിമ്പൂർ കൊമ്പൻ വീട്ടിൽ പൈലോത് ഭാര്യ മേരി (87)അന്തരിച്ചു. മക്കൾ: റോസിലി, ആനി, ലാലി, മേഴ്സി, ജോസ്.

മരുമക്കൾ: പരേതനായ ലാസർ, ആന്റോ, പരേതനായ റാഫേൽ, ജോയി, ബീന. സംസ്കാരം ഇന്ന് രാവിലെ 11ന് തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് പള്ളി സെമിത്തേരിയിൽ നടന്നു.

ശങ്കരനാരായണൻ

ഗുരുവായൂർ : തൈക്കാട് പാലിയത്ത് ശങ്കര നാരായണൻ (ചിന്നപ്പൻ നായർ) 84 വയസ്സ് (റിട്ട. ISRO) നിര്യാതനായി. സംസ്ക്കാരം ഇന്ന് രാവിലെ 11.30 മണിക്ക് നടത്തപ്പെട്ടു. ഭാര്യ മാലതി (റിട്ട.പരീക്ഷ ഭവൻ TVM) മക്കൾ ജയശങ്കർ, ഗീത മരുമക്കൾ-ശുഭ (SBI Guruvayoor), പ്രവീൺ (ബംഗളൂരു).

ലഹരി വിരുദ്ധ അവബോധവുമായി ചാവക്കാട് താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി

പാവറട്ടി : ഡിസ്ട്രിക്ട് ലീഗൽ സർവീസ്സ് അതോറിട്ടിയുടെയും ചാവക്കാട് താലൂക്ക് ലീഗൽ കമ്മിറ്റിയുടെയും നേതൃത്വത്തിൽ പാവറട്ടി ക്രൈസ്റ്റ് കിങ് ഗേൾസ് ഹൈസ്കൂളിൽ ലഹരിക്കെതിരായുള്ള അവബോധ സെമിനാർ സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രഷീൻ തെരേസ ഉദ്ഘാടനം ചെയ്തു. ചാവക്കാട് താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി പാനൽ അഡ്വക്കേറ്റ് സുജിത് അയിനിപ്പുള്ളി ക്ലാസിന് നേതൃത്വം നൽകി. പാരാലീഗൽ വളണ്ടിയർ റീന ഹാഷിം, രമ്യ ഫ്രാൻസിസ്, അമിത ജോയ് എന്നിവർ പങ്കെടുത്തു.

മെഡിക്കൽ ഓഫീസർ നിയമനം

തൃശ്ശൂർ: ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള വിവിധ ഇ.എസ്.ഐ സ്ഥാപനങ്ങളിലെ അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ ഒഴിവിലേക്കും ഇനി ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവിലേക്കും താൽകാലിക നിയമനം നടത്തുന്നതിനായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

താൽപര്യമുള്ള ഉദ്യോഗാർഥികൾ എം.ബി.ബി.എസ് ഡിഗ്രിയും ടി.സി.എം.സി രജിസ്ട്രേഷനും ഉള്ളവർ cru.czims@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഇ-മെയിൽ വിലാസം, ഫോൺ നമ്പർ എന്നിവയടങ്ങിയ ബയോഡാറ്റ നവംബർ 13 ന് വൈകീട്ട് 5 നകം സമർപ്പിക്കണം. ഫോൺ: 0484 2391018.

അമലയിൽ അണുബാധനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് സി.എം.ഇ.

അമലനഗർ: അമല മെഡിക്കൽ കോളേജിൽ അണുബാധനിയന്ത്രണത്തിന്റെ ആധുനികവശങ്ങളെക്കുറിച്ച് നടത്തിയ തുടർവിദ്യാഭ്യാസപരിപാടിയുടെ ഉദ്ഘാടനം കേരള സ്റ്റേറ്റ് ക്വാളിറ്റി അഷൂറൻസ് ഓഫീസ്സർ ഡോ.ജി.ജി. ലക്ഷ്മി നിർവ്വഹിച്ചു.

അമല ജോയിൻറ് ഡയറക്ടർ ഫാ.ഡെൽജോ പുത്തൂർ, പ്രിൻസിപ്പൾ ഡോ.ബെറ്റ്സി തോമസ്, ലാബ് ഡയറക്ടർ ഡോ.റീന ജോൺ, അണുബാധനിയന്ത്രണവിഭാഗം മേധാവി ഡോ.എ.കെ.ആദർശ്, കൺസൾട്ടൻറ് ഡോ.തബിത മിറിയം സാബു, ചീഫ് നഴ്സിംഗ് ഓഫീസ്സർ സിസ്റ്റർ ലിഖിത, എച്ച്. ഐ.സി. കോഓർഡിനേറ്റർ ഡോ.ഡിനു എം. ജോയ് എന്നിവർ പ്രസംഗിച്ചു

വാർത്താച്ചുരുക്കം

* 46-ാം തൃശൂർ ജില്ലാ റൈഫിൾ അസോസിയേഷൻ ജില്ലാ സ്പോർട്സ്കൗൺസിലുമായി ഒരുമിച്ച് നടത്തുന്ന ജില്ലാ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പ് 9,10, തിയ്യതികളിൽ കൊടകര ഫ്ളൈ ഓവറിന് അടയിൽ നടക്കും.
* തൃശൂർ ജില്ലാ ടെമ്പിൾ ടെന്നീസ് അസോസിയേഷന്റെ ടെന്നീസ് ചാമ്പ്യൻഷിപ്പ് 7 മുതൽ 10വരെ വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തും.
* കേരള പോലീസ് പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാസമ്മേളനം 7ന് തൃശൂരിൽ നടക്കും.
* തൃശൂർ ഈസ്റ്റ് ഉപജില്ലാ കേരള സ്കൂൾ കലോത്സവം നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് സി.ജി.എസ്.സ്കൂൾ നെല്ലിക്കുന്ന് ഹാളിൽ ആരംഭിച്ചു. 7ന് സമാപിക്കും.
* ജപ്പാനിൽ നടക്കുന്ന അണ്ടർ 12 ഏഷ്യൻ ബെയ്സ് ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ടീമിലെ ചാലക്കുടി കുറ്റിക്കാട്,സെന്റ് സെബാസ്റ്റ്യൻ സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.സ്റ്റീവൻ സൈജു, ഏദൻ ജോയ് എന്നിവരാണ് മത്സരിക്കുന്നത്. ഇവർക്ക് തൃശൂർ യുവശബ്ദം സാംസ്കാരികവേദി യാത്രയയപ്പ് നൽകി.
* തൃശൂർ: ബാർ കൗൺസിൽ ഓഫ് കേരളയുടെ പ്രഥമ ഡോ. എൻ. ആർ. മാധവമേനോൻ മെമ്മോറിയൽ അവാർഡ് സുപ്രീംകോടതി റിട്ട. ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫിന് സമ്മർപ്പിച്ചു.

ഡോ. എൻ. ആർ. മാധവമേനോൻ മെമ്മോറിയൽ അവാർഡ് ജസ്റ്റിസ് കുര്യൻ ജോസഫിന് നൽകി

തൃശൂർ: ബാർ കൗൺസിൽ ഓഫ് കേരളയുടെ പ്രഥമ ഡോ. എൻ. ആർ. മാധവമേനോൻ മെമ്മോറിയൽ അവാർഡ് സുപ്രീംകോടതി റിട്ട. ജഡ്ജി ജസ്റ്റിസ് കുര്യൻജോസഫിന് സമ്മർപ്പിച്ചു.

തൃശൂർ ഹയാത്ത് റീജൻസിയിൽ നടന്ന വർണ്ണശമ്പളമായ സമ്മേളനത്തിൽ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് സൂര്യകാന്ത് മെമന്റോ സമർപ്പിച്ചു.

മേൽകോടതികളിൽ ജഡ്ജിമാരെ നിയമിക്കുന്ന നിലവിലെ സംവിധാനത്തിൽ വിശ്വാസ്യത കുറഞ്ഞത് വീണ്ടെടുക്കേണ്ടതുണ്ടെന്ന് മറുപടി പ്രസംഗത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടു.

ബാർ കൗൺസിൽ ഓഫ് കേരള ചെയർമാൻ അഡ്വ.ടി. എസ്. അജിത് ആമുഖപ്രഭാഷണം ചെയ്തു. ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ അഡ്വ. മന്നൻകുമാർ മിശ്ര അധ്യക്ഷത വഹിച്ചു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിധിൻ ജംന്താർ മുഖ്യപ്രഭാഷണം നടത്തി. കേരള ഹൈക്കോടതി ജഡ്ജിമാരായ എ.മുഹമ്മദ് മുസ്താക്ക്, അമിത് റാവൽ, ടി.കെ.സിംഗ്, എൻ.നാഗരേഷ്, അഡ്വക്കേറ്റ് ജനറൽ കെ.ഗോപാലകൃഷ്ണകുറുപ്പ്, പ്രൊഫ.എസ്.ശിവകുമാർ, അഡ്വക്കേറ്റുമാരായ പി.സന്തോഷ്കുമാർ, എസ്.പ്രഭാകരൻ,അഭൂർബകുമാർ ശർമ്മ, എൻ.മനോജ്കുമാർ, എം.ഷറഫുദ്ദീൻ, കെ.ആർ.രാജ്കുമാർ, പി. എ. മുഹമ്മദ് ഷാഹ, കെ.എൻ.അനിൽകുമാർ, ജോസഫ് ജോൺ എന്നിവർ പ്രസംഗിച്ചു.

മെഡിക്കൽ കോളേജിൽ ഡ്യൂട്ടി ഡോക്ടർക്ക് മർദ്ദനം

തൃശൂർ: മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രി അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർക്ക് നേരെ കയ്യേറ്റം. ഇന്നലെ വൈകിട്ട് അപകടത്തിൽ പരിക്കേറ്റ് ചികിത്സ തേടിയെത്തിയ പോട്ടൂർ സ്വാദേശിയായ യുവാവാണ് അത്യഹിത വിഭാഗത്തിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടറെ മർദ്ദിച്ചത്.

ചികിത്സയ്ക്ക് അമ്മയേയും മകളെയും പരിശോധിച്ചുകൊണ്ടിരിക്കേ ഞാൻ എത്തിയിട്ട് 15 മിനിറ്റ് കഴിഞ്ഞുവെന്നും എന്റെ പരിക്കുകൾ പരിശോധിക്കണം എന്നു പറഞ്ഞ് യുവാവ് ബഹളം വെയക്കുകയും മൊബൈൽ വഴി ഫെയ്സ് ബുക്കിലൂടെ ലൈവായി ഡോകടർമാരെ ചീത്ത പറയുകയും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന യുവ വനിത ഡോകടറുടെ ചിത്രങ്ങൾ പകർത്തുകയും ചെയ്തു.ഇത് തടയാൻ ശ്രമിച്ചപ്പോൾ ഡോകടറുടെ മുഖത്ത് യുവാവ് അടിക്കുകയായിരുന്നു.ഓടികൂടിയ സുരക്ഷ ജീവനക്കാരും മറ്റു രോഗികളുടെ ഒപ്പം ഉണ്ടായിരുന്നവരും ചേർന്നാണ് യുവാവിനെ കീഴ്പ്പെടുത്തിയത് . ഇതിനിടയിൽ യുവാവിനും മർദ്ദനം ഏറ്റതായി പറയുന്നു. സംഭവമറിഞ്ഞ് സ്ഥലത്ത് എത്തിയ മെഡിക്കൽ കോളജ് പോലീസ് യുവാവിനെ കസ്റ്റഡിയിൽ എടുത്തു. അസ്ഥിരോഗ വിഭാഗത്തിലെ ഡോ.രോഹനാണ് മർദ്ദനമേറ്റത്.

തൃശൂർ-പമ്പ കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് സർവീസ് 15-ാം തീയതി മുതൽ

തൃശൂർ : ശബരിമല തീർഥാടകർക്കായുള്ള തൃശൂർ-പമ്പ കെഎസ്ആർടിസി സൂപ്പർ ഫാസ്റ്റ് സർവീസ് 15 മുതൽ ആരംഭിക്കും. രാത്രി 8.45ന് കെഎസ്ആർടിസി സ്റ്റാൻഡിൽ നിന്ന് പുറപ്പെടുന്ന ബസ് എരുമേലി വഴി സർവീസ് നടത്തും. ഓൺലൈൻ (www.onlineksrtcswift.com) വഴിയോ തൃശൂർ യൂണിറ്റിലെ റിസർവേഷൻ കൗണ്ടറിൽ നേരിട്ടെത്തിയോ സീറ്റുകൾ ബുക്ക് ചെയ്യാം. 398 രൂപയാണു യാത്രാനിരക്ക്.

ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ: തൃശ്ശൂർ പോസ്റ്റാഫിസിൽ 1000 കത്തുകൾ അയച്ചു

തൃശൂർ: ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ കേന്ദ്രസഹായം ലഭിക്കാത്തതിൽ പ്രതിഷേധിച്ച് പ്ലെ കാർഡും കൊടിയുമായി പ്രകടനമായി വന്ന് പ്രതിഷേധ ധർണ്ണയും, പ്രധാനമന്ത്രിക്കും, രാഷ്ട്രപതിക്കും യുവജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ കമ്മറ്റി തൃശ്ശൂർ പോസ്റ്റാഫിസിൽ 1000 കത്തുകൾ അയച്ചു.ജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് അഡ്വ സി. ടി ജോഫി ഉദ്ഘാടനം ചെയ്തു. യുവജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് കെ. രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു.കേരളത്തിൽ നിന്നും സഹമന്ത്രിയായ സുരേഷ് ഗോപി കേരളത്തിന്റെ ആവശ്യങ്ങൾക്കും വയനാട് പാക്കേജിനുമായി ചെറുവിരൽ അനക്കുന്നില്ലെന്നും ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ പ്രസിഡന്റ് ചൂണ്ടി കാട്ടി. മോദി സർക്കാർ വയനാടിനോട് ദയ കാണിച്ച് പ്രസംഗിച്ചുവെങ്കിലും സാമ്പത്തികമായി സഹായിക്കുന്ന ഒരു നടപടികളും ഇതുവരെയും സ്വീകരിക്കാത്തതിൽ പ്രതിഷേധ ധർണ്ണയിൽ പ്രതിഷേധം അലയടിച്ചു.യുവജനതാദൾ (എസ്) സംസ്ഥാന കമ്മറ്റി അംഗം പി. എം ഉമേഷ് സുധീഷ് കെ.എസ്, ജിഷ്ണു. എം, മനു പി. ബി, ഡിജിത്ത്,മൂവിത്ത് എം എം , സിബു സി. ബി,അശ്വതി സജേഷ്, മനീഷ്,വിജേഷ് ശങ്കർ ,അമൽ വി. എം,പ്രവീൺ എ. എസ്,ജനതാദൾ (എസ്) സംസ്ഥാന കമ്മറ്റി അംഗങ്ങളായ ജോൺ വാഴപ്പിള്ളി, രാഘവൻ മുളങ്ങാടൻ, പ്രീജു ആന്റണി,നാരായണൻ നമ്പൂതിരി,രാജൻ ഐനികുന്നൻ, സി. ടി ഡേവിസ് എന്നിവർ പ്രസംഗിച്ചു.

സ്കന്ദ ഷഷ്ഠി ആഘോഷം

ഒരു മനയൂർ : ഒരു മനയൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ ഈ വർഷത്തെ സ്കന്ദ ഷഷ്ഠി ആഘോഷം ഇന്ന് 7 ന് നടക്കും ബ്രഹ്മശ്രീ പുതന്നൂർ കേശവൻ നമ്പൂതിരിയുടെ ഭക്തിപ്രഭാഷണം ഉണ്ടായിരിക്കും

ബ്ലാക്ക്ബെറി മൊബൈൽ ഫോണിന് തകരാർ, പരാതിപ്പെട്ടപ്പോൾ വാങ്ങി വെച്ച് തിരികെ നൽകിയില്ല, വിലയും നഷ്ടവും നൽകുവാൻ വിധി

തൃശൂർ: ബ്ലാക്ക്ബെറി മൊബൈൽ ഫോണിന് തകരാറാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി.

ചാലക്കുടി പെരുമ്പിള്ളി വീട്ടിൽ രതീഷ് ചന്ദ്രൻ ഫയൽ ചെയ്ത ഹർജിയിലാണ് കൊച്ചിയിലെ എൻഷുർ സപ്പോർട്ട് സർവ്വീസസ് ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം വിധിയായത്. 9500 രൂപ നൽകിയാണ് ഫോൺ വാങ്ങുകയുണ്ടായത്. ഫോൺ ഉപയോഗിച്ചുവരവെ പ്രവർത്തനരഹിതമായിട്ടുള്ളതാകുന്നു. പരാതിപ്പെട്ടപ്പോൾ ഫോൺ എതിർകക്ഷി വാങ്ങിവെക്കുകയാണുണ്ടായത്. ഫോൺ പിന്നീട് തിരിച്ചുനൽകുകയും ചെയ്തില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരന് ഫോണിന്റെ വിലയായ 9500 രൂപയും വിധി തിയ്യതി മുതൽ 8% പലിശയും നഷ്ടപരിഹാരമായി 5000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

പ്രിൻസിപ്പാൾ കുഴഞ്ഞ് വീണു മരിച്ചു

എടപ്പാൾ: കണ്ടനകം ദാറുൽഹിദായ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ബൈക്കിൽ നിന്നും കുഴഞ്ഞ് വീണു മരിച്ചു. പൊന്നാനി സ്വദേശി എൻ.അബ്ദുൾ ഖയ്യും(55) ആണ് ഇന്നലെ വൈകീട്ട് 3മണിക്ക് സ്കൂൾ മൈതാനിയിൽ കുഴഞ്ഞ് വീണ് മരിച്ചത്.

സ്കൂൾ അടച്ചതിനു ശേഷം പോട്ടൂർ മോഡേൺ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന ഉപജില്ലാ കലോൽസവത്തിലേക്ക് വരുന്നതിനായി ബൈക്കിൽ കയറിയ ഉടനെയാണ് കുഴഞ്ഞ് വീണത്. അരമണിക്കൂറിനു ശേഷം പരിസരവാസികളാണ് ബൈക്കും അതിനടുത്തായി അബ്ദുൾ ഖയ്യുമും വീണു കിടക്കുന്നത് കണ്ടത്. ഉടനെ എടപ്പാൾ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. ഭാര്യ-മുനീറ. മക്കൾ-ഫസ്ഹ, ഫർഷ, ഫൈഹ.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 355/2020
IA: 3/2023

1st Respondent in Main OP
The New India Assurance Co. Ltd, Thrissur

-ഹരജിക്കാരൻ
Ratheesh, S/o. Ravi, Manappilly House, Near Thiruvalloor Tembple, Eriyad Village, Kodungallur Taluk, Thrissur Dist.

-2-ാം എതൃകക്ഷി

മേൽ നമ്പറിൽ IA: 3/2023 നമ്പർ ഹരജി കാര്യത്തിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസ സ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **26-11-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ (Chalakudy Camp) മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 5-11-2024
ഹരജിക്കാരൻ OP 3-ാം എതൃകക്ഷിഭാഗം അഡ്വക്കെറ്റ്
റൂബി ജോസ് (ഒപ്പ്)

COURT NOTICE

BEFORE THE HON'BLE MOTOR ACCIDENTS CLAMES TRIBUNAL, THRISSUR

OP (MV) 2475/2022

Paul C. K.

-Petitioner

Pranav Ghosh P.A., aged 28 years, S/o. Ajay Ghosh, Pokkuparambil House, P.O. Pazhayi, Pudukkad, Thrissur-680301

-Respondent No. 1

The afforesaid respondent take notice, the above petition is posted for appearance on **06-03-2025** at 11.00 am before this Tribunal, you are hear by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared decided ex-parte.

Date this the 6th of November 2024
P. K. JOHN (S/d)
Advocate for Petitioner.